(എ) കേരളത്തിലെ പ്രൈമറി സ്കൂളുകളിൽ വർഷങ്ങളായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന തയ്യൽ ടീച്ചർമാർ ഉൾപ്പെടെയുള്ള സ്പെഷ്യൽ ടീച്ചേഴ്സിന്റെ നിയമനം അംഗീകരിക്കാത്തതുമൂലം അവർ കഷ്ടത അനുഭവിക്കുകയാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിലേക്ക് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രൈമറി സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) വ്യവസ്ഥകൾ പാലിച്ച് നടത്തുന്ന അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകാതിരിക്കുന്നത് ശരിയല്ലെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ;

(ഇ) എങ്കിൽ അപ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതിന് കാലവിളംബം കൂടാതെ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) പരാതി പരിശോധിച്ചുവരുന്നു.

(സി) നിലവിലുള്ള നിയമപ്രകാരം എൽ.പി. സ്കൂളിൽ സ്പെഷ്യലിസ്റ്റ് തസ്തിക അനുവദനീയമല്ല. യു.പി. സ്കൂളിൽ 500 വിദ്യാർത്ഥികളുണ്ടെങ്കിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ തസ്തിക അനുവദിക്കാം. അതിൽ 200 വിദ്യാർത്ഥിനികൾ ഉണ്ടെങ്കിൽ ഒരു തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കാം.

(ഡി) വ്യവസ്ഥകൾ അനുസരിച്ച് നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ട്.

(ഇ) നിലവിലുള്ള നിബന്ധനകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നു.

13 (*323) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകി വരുന്ന അഡീഷണൽ ബിൽ

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഇപ്പോൾ നൽകിവരുന്ന അഡീഷണൽ ബിൽ ഒഴിവാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിവരുന്ന അഡീഷണൽ ബിൽ ഒഴിവാക്കുന്നതിലൂടെ ബോർഡിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് അഡീഷണൽ ബിൽ നൽകേണ്ടിവരുന്ന സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രവർത്തനരഹിതമായ മീറ്ററുകൾക്ക് അധിക ഉപയോഗം ഉണ്ടെങ്കിൽ ആയതു കണ്ടുപിടിക്കാനും ബിൽ നൽകാനും എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വൈദ്യുതി ഉപഭോക്താക്കൾക്ക് അഡീഷണൽ ബിൽ നൽകുന്നത് ഒഴിവാക്കാനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ)&(ബി) പ്രൊവിഷണൽ ഇൻവോയിസ് കാർഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന സംവിധാനം നിലവിലുള്ള സ്ഥലങ്ങളിലാണ് അഡീഷണൽ ബിൽ നൽകേണ്ട സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. നിയമാനുസൃതമല്ലാത്ത അഡീഷണൽ ബില്ലുകൾ നൽകുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഡീഷണൽ ബിൽ സമ്പ്രദായം ഒഴിവാക്കുന്നതിലൂടെ, ഉപയോഗിച്ച വൈദ്യുതിക്ക് യഥാസമയം ബിൽ നൽകൽ, ബോർഡ് ഉപഭോക്തൃ ബന്ധം മെച്ചപ്പെടും.

(ഡി) പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് സമ്പ്രദായം നിലവിലുള്ള സ്ഥലങ്ങളിൽ ഒരു നിശ്ചിത മുൻകാലയളവിലെ ശരാശരി ഉപഭോഗം കണക്കാക്കിയാണ് ഉപഭോക്താക്കളിൽനിന്നും പ്രതിമാസം പണം വാങ്ങുന്നത്. ആറുമാസത്തിലൊരിക്കലാണ് ഇവരുടെ മീറ്റർ റീഡിംഗ് എടുക്കുന്നത്. ഇത്തരത്തിൽ റീഡിംഗ് എടുക്കുമ്പോൾ ഉപഭോഗം കാർഡു പ്രകാരം അനുവദിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ വരുമ്പോഴാണ് ഒടുക്കിയ തുകയനുസരിച്ച് ഉപയോഗിക്കാവുന്നതിനേക്കാൾ കൂടുതലായി ഉപയോഗിച്ച വൈദ്യുതിക്ക് അഡീഷണൽ ബിൽ നൽകുന്നത്.

(ഇ) ഉണ്ട്. മീറ്ററുകളുടെ പ്രവർത്തനരാഹിത്യം കണ്ടെത്തുമ്പോൾ ലഭ്യതാനുസരണം പ്രവർത്തനക്ഷമമായ മീറ്ററുകൾ സ്ഥാപിച്ച് നിശ്ചിത കാലയളവിലെ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ മീറ്റർ പ്രവർത്തന രഹിതമായിരുന്ന കാലയളവിലെ ഉപഭോഗം നിയമാനുസൃതം തിട്ടപ്പെടുത്തി ബിൽ നൽകാൻ സംവിധാനമുണ്ട്.

(എഫ്) പ്രൊവിഷണൽ ഇൻവോയ്സ് കാർഡിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന സ്ഥലങ്ങളിൽ അഡീഷണൽ ബിൽ ഒഴിവാക്കാൻ നിർവ്വാഹമില്ല. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വൈദ്യുതോർജ്ജ നയമനുസരിച്ച് സ്പോട്ട് ബില്ലിംഗ് സാർവ്വത്രികമാകുന്നതോടുകൂടി അഡീഷണൽ ബിൽ നൽകുന്ന സമ്പ്രദായം ഒഴിവാക്കപ്പെടും.

14 (*324) ജില്ലാ സഹകരണ ബാങ്കുകൾക്കുള്ള നബാർഡിന്റെ പുനർവായ്പ

ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം :

LIBRARY ARCHIVES Kerala Legislative Assembly